# പ്രതികരണങ്ങൾ — 28



പ്രതികരണങ്ങൾ — 28
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Dormice, a painting by Archibald Thorburn (1860–1935). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## കെ. ജി. എസ്.: പൂക്കൈത

**കരുണാകാരൻ:** കെ. ജി. എസ്സിന്റെ ‘പൂക്കൈത’ എന്ന കവിതയും കവിതയെ കുറിച്ചുള്ള സച്ചിദാനന്ദന്റെ പഠനവും വായിച്ചു, കവിത മുമ്പ് വായിച്ചിട്ടുമുണ്ടായിരുന്നു. നമ്മുടെ കവിതയിലെ സവിശേഷമായ ഒരു ധാരയിലാണ് ഈ കവിതയും, കെ. ജി. എസ്സിന്റെ മിക്കവാറും എല്ലാ കവിതകളെയുംപോലെ പെടുക: ലാവണ്യബോധത്തെയും നീതിബോധത്തെയും ഒരുമിച്ച് പുതുക്കുന്ന രീതികൊണ്ട് എന്ന് സച്ചിദാനന്ദൻ പറയുന്നതുപോലെ. വ്യക്തിപരമായി ഞാൻ കെ. ജി. എസ്സിന്റെ കവിതകളുടെ സ്ഥിരം വായനക്കാരനും ഇഷ്ടക്കാരനുമാണ്. ഈ രണ്ടു കാരണങ്ങൾകൊണ്ടുതന്നെ: ലാവണ്യബോധവും നീതിബോധവും. എന്നാൽ, ജീവിതാവബോധത്തിന്റെ ഏതെങ്കിലും ഒരു ഹേതുവിലേക്ക്, അല്ലെങ്കിൽ അതേ ഹേതുവിന്റെ പല പിളർപ്പുകളിലേക്ക് മാത്രം നീങ്ങുന്ന എന്നതാണ് മലയാളത്തിലെ ഈ കാവ്യധാരയുടെ ‘മഹത്തായ പരിമിതി’ എന്ന് തോന്നാറുമുണ്ട്. ആ ഹേതു, ‘രാഷ്ട്രീയ’ത്തെ ജീവിതത്തിന്റെ ഡ്രൈവിംഗ് ഫോഴ്സ് ആയി കാണുന്നതാണ്. ഇത് എത്രമാത്രം ശരി എത്രമാത്രം ശരിയല്ല എന്നത് നമ്മൾ ചർച്ച ചെയ്യുന്നതാണ്. ഈ ഡ്രൈവിംഗ് ഫോഴ്സ് ഭാഷയെ, അതുകൊണ്ടുതന്നെ, കവിതയെ ഒരു സ്വയം സന്നദ്ധമായ ഗാരേജ് പോലെ സംരക്ഷിക്കുന്നു. അതിനാൽ ഈ കാവ്യധാര ഒരിക്കലും കവിതയുടെ പേരിൽ അരക്ഷിതമാവുന്നില്ല എന്നാണ്. അരക്ഷിതമാവാത്ത കവിത ലാവണ്യത്തെയും നീതിയെയും, സച്ചിദാനന്ദൻ നിരീക്ഷിച്ച രണ്ടു സ്വഭാവത്തെ, മുൻകൂർ ഉറപ്പാക്കുന്നു. ഇതൊരു പ്രശ്നമല്ലേ? അല്ലെങ്കിൽ അല്ല എന്നാണോ? സത്യം, ഇതോർത്ത് ഞാൻ കുത്തിയിരിക്കാറുണ്ട്. ഇതാ ഈ കവിത വായിച്ചപ്പോഴും…

**വിനോദ് ചന്ദ്രൻ:** പൂക്കൈതയും രാഷ്ട്രീയവും.

“I am of a race inferior for all eternity… I am a beast, a Negro.” (Arthur Rimbaud, Une Saison en Enfer)

കെ. ജി. എസ്സിന്റെ ‘പൂക്കൈത’യും ‘പൂക്കൈത’യെപ്പറ്റി സച്ചിദാനന്ദൻ, എ. ബദറുന്നിസ, മാടായി സുരേഷ് എന്നിവരെഴുതിയ ശ്രദ്ധേയമായ വിലയിരുത്തലുകളും വായിച്ചു. ബഹുതലങ്ങളും, മാനങ്ങളും, ബഹുകിരണങ്ങളും ഉൾകയങ്ങളും ചുഴികളും പടർപ്പുകളും, മടക്കുകളും, ഒളിപ്പിച്ചു വച്ച ഈ കവിതയിലേക്കെത്തുവാനുള്ള പലവഴികൾ, വെളികൾ, തെളിച്ചു തരുന്നുണ്ട് ഈ പഠനങ്ങളോരോന്നും.

എന്നാൽ, കവിതാ പഠനങ്ങൾ വായനക്കാരനെ കവിതയിലേക്കടുപ്പിക്കുന്നതിനു പകരം പലപ്പോഴും വായനയെ തടയുന്ന മുൻവിധികളും വായനയെ ഒഴിവാക്കാനുള്ള ന്യായീകരണവും ആയി മാറാം എന്ന മുന്നറിയിപ്പാണ് കരുണാകരന്റെ പ്രതികരണം നൽകുന്നത്. കെ. ജി. എസ്സിന്റെ കവിത നിരന്തരമായി ഭാഷയെയും ശൈലിയെയും കാവ്യ ലാവണ്യ സങ്കല്പത്തെയും പുതുക്കിക്കൊണ്ടിരിക്കുന്നു എന്നും അതോടൊപ്പംതന്നെ നിരന്തരമായി പുതിയ ഒരു നീതിബോധം സൃഷ്ടിക്കുകയും ചെയ്യുന്നു എന്നുമുള്ള സച്ചിദാനന്ദന്റെ വിലയിരുത്തലിനെ കരുണാകരൻ മുൻകൂർ സ്വീകരിക്കുന്നു. ഇതേ കാരണങ്ങളാലാണ് താൻ കെ. ജി. എസ്സിന്റെ കവിതയുടെ ഇഷ്ടക്കാരനാവുന്നതെന്നും കരുണാകരൻ പറയുന്നു. എന്നാൽ ലാവണ്യത്തിന്റെയും നീതിയുടെയും മുൻകൂർ സങ്കല്പങ്ങളാണ് ഈ കാവ്യധാരയുടെ ‘മഹത്തായ പരിമിതി’ എന്ന് പറഞ്ഞു കൊണ്ട് തുടർന്നുള്ള പ്രസ്താവങ്ങളിൽ ആദ്യം പറഞ്ഞതിനെ നിഷേധിക്കുകയാണ് കരുണാകരൻ ചെയ്യുന്നത്. “ജീവിതാവബോധത്തിന്റെ ഏതെങ്കിലും ഒരു ഹേതുവിലേക്ക്, അല്ലെങ്കിൽ അതേ ഹേതുവിന്റെ പല പിളർപ്പുകളിലേക്ക് മാത്രം ഈ ധാര നീങ്ങുന്നു എന്നും ആ ഹേതു, രാഷ്ട്രീയത്തെ ജീവിതത്തിന്റെ ‘ഡ്രൈവിങ് ഫോഴ്സ് ആയി കാണുന്നതാണെന്നും അതാണ് ഈ കാവ്യധാരയുടെ പോരായ്മയെന്നും കരുണാകരൻ വാദിക്കുന്നു. ഈ ഡ്രൈവിങ് ഫോഴ്സ് ഭാഷയെ, കവിതയെ, ‘ഒരു സ്വയം സന്നദ്ധമായ ഗാരേജ് പോലെ സംരക്ഷിക്കുന്നു’ എന്നും അതിനാൽ ഈ കാവ്യധാര ഒരിക്കലും കവിതയുടെ പേരിൽ അരക്ഷിതമാവുന്നില്ല എന്നും അദ്ദേഹം കണ്ടെത്തുന്നു. അരക്ഷിതമാവാത്ത കവിത ലാവണ്യബോധത്തെയും നീതിബോധത്തെയും മുൻകൂർ ഉറപ്പാക്കുന്നു എന്ന് ഒടുവിൽ അദ്ദേഹം വിധി കല്പിക്കുന്നു.

കവിതയ്ക്കുള്ളിലേക്ക് കടക്കാൻ തയാറാവാതെ, കവിതയ്ക്ക് വെളിയിൽ നിന്ന് കൊണ്ടാണ് കരുണാകരൻ ഈ കവിതയെ, ഈ കാവ്യധാരയെ, വിധിക്കുന്നതെന്നതിന്റെ പ്രധാന തെളിവ് കവിതയിലെ ഒരു വരി പോലും അദ്ദേഹം പരാമർശിക്കുന്നില്ല എന്നതു തന്നെയാണ്. അതേപോലെ ലാവണ്യബോധത്തിനും നീതിബോധത്തിനും വെളിയിലാണ് കവിതയെ അദ്ദേഹം പ്രതിഷ്ഠിക്കുന്നതെന്നും കവിതയുടെ അരക്ഷിതത്വത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ സങ്കല്പനം സൂചിപ്പിക്കുന്നു.

എഴുപതുകളിലെ രാഷ്ട്രീയ കവിതകൾക്കെതിരെ (സച്ചിദാനന്ദൻ, കെ. ജി. എസ്. തുടങ്ങിയവരുടെ കവിതകൾ) ഉയർന്നു വന്ന ഒരു എതിർവാദത്തെ പൊടിതട്ടിയെടുത്തുകൊണ്ടാണ് രാഷ്ട്രീയം എന്ന ഏകഹേതുവിലേക്ക് ജീവിതാവബോധത്തെ ഈ നീതിപക്ഷകവിതകൾ ചുരുക്കുന്നുവെന്ന് കരുണാകരൻ ആരോപിക്കുന്നത്. പഴയ തീവ്രവാദികളും സാഹിത്യകാരന്മാരും പിന്നീട് സ്വന്തം രാഷ്ട്രീയത്തെ തള്ളിപ്പറഞ്ഞുകൊണ്ട് അരാഷ്ട്രീയവാദത്തെ പുണരുവാൻ ഉപയോഗിച്ചതും ഇതേ വാദമാണ്. എന്നാൽ രാഷ്ട്രീയത്തെ ഏകമാനവും സ്വയം നിർണ്ണായകവും സർവ്വനിർണ്ണായകവുമായ മണ്ഡലമായിക്കാണുന്ന പഴയ രാഷ്ട്രീയനിർണ്ണയവാദത്തെ തള്ളിക്കളയുന്ന ലോകത്തിലെങ്ങുമുള്ള രാഷ്ട്രീയ, കലാ ചിന്തകർ അംഗീകരിക്കുന്ന ഒരു വസ്തുത ഉണ്ട്: രാഷ്ട്രീയം എന്ന പരികല്പന’ ആധുനികാനന്തരകാലത്തിൽ രൂപാന്തരീകരണത്തിനു വിധേയമായിരിക്കുന്നു എന്നും, ജീവിതത്തിന്റെ സർവ്വ തലങ്ങളെയും രാഷ്ട്രീയം സൂക്ഷ്മ സഹസ്രരൂപത്തിൽ ഗ്രസിച്ചിരിക്കുന്നുവെന്നും, സമൂഹത്തിന്റെയോ സംസ്കാരത്തിന്റെയോ ചിന്തയുടെയോ കലയുടെയോ ഒരു തലം പോലും രാഷ്ട്രീയ മുക്തമല്ലെന്നും ഉള്ള വസ്തുത. ഈ തിരിച്ചറിവിൽ നിന്നാണ് ബയോരാഷ്ട്രീയം എന്ന പരികല്പന ഉയർന്നു വന്നത്. കവിതയും കലയും കഥയും സർഗ്ഗാവിഷ്കാരവുമെല്ലാം തന്നെ സൂക്ഷ്മരാഷ്ട്രീയമാണെന്ന് ഫൂക്കോ, ദെല്യൂസ് തുടങ്ങിയവർ പ്രഖ്യാപിക്കുന്നതങ്ങനെയാണ്. അത്തരമൊരു സൂക്ഷ്മമോളിക്യൂൾ രാഷ്ട്രീയമാണ് കെ. ജി. എസ്സിന്റെ തീവ്രവാദാനന്തരകവിതകളെ അനന്യവും നവീനവുമാക്കുന്ന നീതിയുടെ രാഷ്ട്രീയം. കൂടുതൽ കൃത്യമായിപ്പറഞ്ഞാൽ നൈതികരാഷ്ട്രീയം.

കവിതയ്ക്ക് വെളിയിൽ നിന്ന് കൊണ്ടാണ് കരുണാകരന്റെ കവിതാവായനയെന്ന് വ്യക്തമാക്കുന്ന മറ്റൊരു കാര്യം കൂടി. നമ്മുടെ കവിതയിലെ സവിശേഷമായ ഒരു ധാരയിലാണ് ഈ കവിതയും, കെ. ജി. എസ്സിന്റെ മിക്കവാറും എല്ലാ കവിതകളും പെടുന്നത് എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. ലാവണ്യ ബോധത്തെയും നീതിബോധത്തെയും ഒരുമിച്ച് പുതുക്കൽ ആണ് ഈ ധാരയുടെ സവിശേഷത എന്നും അദ്ദേഹം പറയുന്നുണ്ട്. ഇത്തരമൊരു സാമാന്യവൽക്കരണം കരുണാകരൻ ഉപയോഗിക്കുന്നത് കവിതയെ വാഴ്ത്താനല്ല, മറിച്ച് ഈ കവിതയുടെ അനന്യത, അതു വഴി ഇപ്പറഞ്ഞ കവിതകളുടെയെല്ലാം അനന്യതയെ, ഇപ്പറയുന്ന കാവ്യധാരയുടെ തന്നെ വിഭിന്നതയെ നിഷേധിക്കുവാനാണ്, ലഘൂകരിക്കുവാനാണ് എന്ന് വ്യക്തം. ഈ സവിശേഷധാര മലയാളത്തിലെ ഭൂരിപക്ഷ മുഖ്യധാരയിൽ നിന്ന് വ്യത്യസ്ഥമായ ഒരു ന്യൂനധാരയാണെന്നും കെ. ജി. എസ്സിന്റെ കാവ്യധാരയിൽ തന്നെ ഈ കവിത ഒരു പ്രത്യേകവിച്ഛേദനം കുറിക്കുന്നുവെന്നും മാത്രമല്ല ഇത്തരം സ്വയം പുതുക്കലും സ്വയം വിച്ഛേദിക്കലുമാണ്, കവിതയുടെ ഭാഷമാത്രമല്ല കവിത എന്ന ഴേണറിനെത്തന്നെ മാറ്റിയെഴുതലാണ്, ഈ ധാരയുടെ പ്രത്യേകതയെന്നും, പലായന രേഖകളിലൂടെയാണ് (lines of flight) ഈ ധാര സഞ്ചരിക്കുന്നതെന്നുമുള്ള ഒരു വിവേകത്തിന്റെ അഭാവമാണ് ഈ സമാനീകരണം സൂചിപ്പിക്കുന്നത്.

സമകാലീന കാവ്യധാരയിൽ നിന്ന്, സ്വന്തം കാവ്യപന്ഥാവിൽ നിന്നു തന്നെയുമുള്ള ഒരു റാഡിക്കൽ വിച്ഛേദനം ആണ് ഈ കവിതയെ അനന്യമാക്കുന്നതെന്ന സുപ്രധാന അനുഭവത്തെ വ്യക്തമാക്കുവാൻ ഈ കാവ്യപഠനങ്ങൾക്ക് പൂർണ്ണമായും കഴിയുന്നില്ല എന്നത് സത്യമാണ്. സച്ചിദാനന്ദൻ പറയുന്ന പോലെ നീതി ബോധത്തിന്റെയും ലാവണ്യകത്തിന്റെയും പുതുക്കൽ മാത്രമാണോ ഈ കവിതയിൽ സംഭവിക്കുന്നത്?

1-മുഖ്യധാരാക്കവിതകൾ രാഷ്ട്രീയ സമരങ്ങൾ പാഴായെന്ന് വിലപിക്കുകയും രാഷ്ട്രീയത്തെ തന്നെ നിഷേധിച്ച് കൊണ്ട് അരാഷ്ട്രീയ കൗതുകങ്ങളിലേക്ക് തെന്നി വീഴുകയും ചെയ്യുമ്പോൾ, നിഷേധത്തിന്റെ, ദുരന്തബോധത്തിന്റെ വിലാപാലാപനമായി കവിത ആഘോഷിക്കപ്പെടുമ്പോൾ നീതിയ്ക്കു വേണ്ടി നാളിതുവരെ നടന്നിട്ടുള്ള പോരാട്ടങ്ങളെ, ഇന്നും തുടർന്നു പോരുന്ന നൈതികമായ സമരങ്ങളെ പൂർവ്വകാലപ്രാബല്യത്തോടെ പ്രതിജ്ഞാപനം (affirm) ചെയ്യുകയാണ് ഈ കവിത. ഇതാണ്, സമകാലീന കാവ്യധാരയിൽ നിന്ന്, തന്റെ തന്നെ കാവ്യ പാരമ്പര്യത്തിൽ നിന്ന്, കവിത നടത്തുന്ന ശ്രദ്ധേയമായ വിച്ഛേദനം:

> “പറയില്ല ഞാൻ പൂക്കൈതയെ സൂര്യനാക്കിയ
> പഴയപോരാട്ടം പാഴായെന്ന്; വേദികളിൽ
> ആളിക്കുന്നുണ്ട് വിവേകികൾ
> നേരം പോയ് നേരം പോയ് എന്ന
> നീതിപ്പാട്ടിലെ തുല്യനീതിയുടെ
> എതിർ ജ്യോതി”.

2-നീതിയ്ക്കായുള്ള ചെറുത്ത് നില്പിന്റെ രാഷ്ട്രീയത്തോടൊപ്പം ജീവിത പ്രതിജ്ഞാപകമായ ഒരു നൈതിക രാഷ്ട്രീയത്തെ ഈ കവിത ഉയർത്തിപ്പിടിക്കുന്നു. രാഷ്ട്രീയത്തിന്റെ നൈതികീകരണവും നീതിയുടെ (justice), നൈതികതയുടെ (ethics) രാഷ്ട്രീയവൽക്കരണവും. ചുരുക്കിപ്പറഞ്ഞാൽ നീതി (justice) ബോധത്തിൽ നിന്ന് നൈതിക രാഷ്ട്രീയത്തിലേക്കുള്ള (ethical politics) രൂപാന്തരണം (justice plus ethics) ആണ് ഈ കവിതയെ അനന്യമാക്കുന്നത്.

3-ഇത്തരമൊരു രൂപാന്തരീകരണം സാധ്യമാക്കപ്പെടുന്നത് ഫൂക്കോ പറയുന്ന ഒരു നൈതിക കർതൃത്വത്തിന്റെ നിർമ്മിതിയിലൂടെയാണ്. ഈ നവനൈതിക കർതൃത്വത്തെ കവിത നാമകരണം ചെയ്യുന്നു: “സംഭവൻ”. സംഭവൻ എന്ന് പേരു തന്നെ കർതൃത്വപരമായ ഒരു വിച്ഛേദനത്തെ ഒരു രൂപാന്തരണത്തെയാണ് സൂചിപ്പിക്കുന്നത്. ഈ സംഭവാത്മകതയെ പിടിച്ചെടുക്കാൻ സച്ചിദാനന്ദൻ പറയുന്ന ‘ആഗന്തുകൻ’ എന്ന സങ്കല്പനത്തിനു കഴിയുന്നില്ല. ഒരു സംഭവകർതൃത്വത്തിന്റെ (evental subjectivity) നിർമ്മിതിയെത്തന്നെയാണ് ഈ നാമകരണം സൂചിപ്പിക്കുന്നത്. സംഭവത്തിൻ സന്തതി എന്ന നിലയിൽ, സംഭവത്തിന്റെ സ്രഷ്ടാവ് എന്ന നിലയിൽ, സംഭവത്തോട് വിശ്വസ്ഥൻ എന്ന നിലയിൽ, സംഭവത്തിനായി കാതോർക്കുന്നവൻ എന്ന നിലയിൽ.

> എന്റെ കുലം അയ്യങ്കാളിയുടെ
> തല ശംബൂകന്റെ
> കൈ ഏകലവ്യന്റെ
> മനസ്സ് കബീറിന്റെ
> സ്വപ്നം നെരൂദയുടെ
> വെളിവ് നീതിവംശത്തിന്റെ”

ഈ സംഭവമാനത്തെ മനസ്സിലാക്കുന്നതിൽ മൂന്ന് ജ്ഞാനികളായ മാഷമ്മാരെപ്പോലെത്തന്നെ നാട്ടുകാരും, സാംസ്കാരിക റിപ്പോർട്ടർമാരും വിമർശകരും പരാജയപ്പെടുന്നത്, ആനയെക്കണ്ട അന്ധന്മാരാവുന്നത് സ്വാഭാവികമത്രെ. ചരിത്രത്തിൽ നിന്ന് വിച്ഛേദിക്കുകയും ചരിത്ര നിയമങ്ങളെ തകർക്കുകയും ചെയ്ത് കൊണ്ട് ചരിത്രത്തിനുള്ളിൽ തന്നെ സംഭവിക്കുന്ന രൂപാന്തരീകരണത്തിന്റെയും ആയിത്തീരലിന്റെയും പ്രക്രിയകളെത്തെയാണ് സംഭവം, എന്ന തത്വശാസ്ത്ര പരികല്പന സൂചിപ്പിക്കുന്നത്.

ഈ കർതൃത്വ നിർമ്മിതിയുടെ രാഷ്ട്രീയമാനം കരുണാകരൻ പറയുന്ന ഏക ഹേതുവും ഏകമാനവുമായ രാഷ്ട്രീയ സങ്കല്പത്തിൽ നിന്ന് എത്രകണ്ട് വ്യത്യസ്ഥമാണെന്ന് സൂചിപ്പിക്കുവാനാണ് ഇത്രയും പറഞ്ഞത്. കവിതയെപ്പറ്റി ഈ സന്ദർഭത്തിൽ കൂടുതൽ പറയുന്നത് കവിതാവായനയിൽ നിന്ന് ഭാവുകനെ തടയാനിടയാവുമെന്നതിനാൽ ഇവിടെ നിർത്തുന്നു. ‘പൂക്കൈത’യുടെ രചയിതാവായ കെ. ജി. എസ്സിനും, പൂക്കൈതയെ പഠനവിധേയമാക്കിയവർക്കും, ഇത്തരമൊരു ചർച്ച സാധ്യമാക്കിയ കരുണാകരനും സായാഹ്നയ്ക്കും അഭിവാദ്യങ്ങൾ.

**കരുണാകരൻ:** ഒരിക്കൽ കീഴടക്കിയ കൊടുമുടി പിന്നീട് ആവേശവും ആകാംഷയുമായി ഓർമ്മയിൽ നിക്ഷേപിക്കപ്പെട്ടതിനെ പറ്റി പറയാനാണ് ഞാൻ അങ്ങനെ പറഞ്ഞത്: “മഹത്തായ പരിമിതി”. വിനോദ് ചന്ദ്രൻ കൃത്യമായി കണ്ടെത്തിയതുപോലെ ഞാൻ കെ. ജി. എസ്സിന്റെ ഈ കവിതയുടെ പുറത്തുതന്നെ നിൽക്കുന്നതു അതുകൊണ്ടാണ്. സ്ഥലം വിടുകയല്ല. സ്ഥലത്തെ അനുഭവിക്കുകയാണ്. ഒരു കവിത നമ്മൾ വായിക്കുന്നത് അതിലെ ഓരോ വരിയും വായിച്ചുകൊണ്ടാണ് എന്നത് നിലവിൽ-നിരൂപണമാണ്, വരികൾ ഉദ്ധരിച്ച് പറയുന്നത് നിലവിൽ-ശീലമാണ്. എന്നാൽ, ഓരോ കവിതയും ഓരോ പുസ്തകവും അതിന്റെ വായനയ്ക്കു ശേഷം അവശേഷിപ്പിക്കുന്ന ‘ഷേപ്പ്’, അത് ഉണർത്തുന്ന അനുഭൂതിയും രൂപവും, അതാണ് ഞാൻ ശീലിക്കാൻ ആഗ്രഹിക്കുന്ന ഒന്ന്. ആ അർത്ഥത്തിൽ, കെ. ജി. എസ്സിന്റെ കവിതകളുടെ ഭാവനാപരിസരം പരിചിതവും പ്രവാചനാത്മകവുമാവുന്നു എന്നാണ് ഞാൻ ഉയർത്തുന്ന വാദം. അദ്ദേഹം കീഴടക്കിയ കൊടുമുടിയാണത്. “നിരന്തരമായി ഭാഷയെയും ശൈലിയെയും കാവ്യ ലാവണ്യസങ്കല്പത്തെയും പുതുക്കിക്കൊണ്ടിരിക്കുന്നു എന്നും അതോടൊപ്പംതന്നെ നിരന്തരമായി പുതിയ ഒരു നീതി ബോധം സൃഷ്ടിക്കുകയും ചെയ്യുന്നു” എന്നുമുള്ള സച്ചിദാനന്ദന്റെ വിലയിരുത്തലിനെ ഞാൻ അംഗീകരിക്കുക മാത്രമല്ല, അതിന്റെ ഇഷ്ടക്കാരനും ആവുന്നത് ഈ രണ്ടു കാരണങ്ങളിലും പുലർത്തുന്ന കലാത്മകമായ താൽപ്പര്യമാണ്. എന്നാൽ, അതിന്റെ “മഹത്തായ പരിമിതി” രാഷ്ട്രീയപരംതന്നെ എന്ന് തിരിച്ചറിയുകയും ചെയ്യുന്നു. വാസ്തവത്തിൽ, വിനോദ് ചന്ദ്രൻ പറയുന്ന സൂക്ഷ്മ രാഷ്ട്രീയം ഈ കവിതയിൽ ആരോപിക്കുന്നതാണ്. മറിച്ച്, കവിത പ്രകടമായ രാഷ്ട്രീയ കൽപ്പനയ്ക്കുള്ളിൽ പ്രവർത്തിക്കുന്നു. അതിനുള്ള ടൂൾസ് സ്വരൂപിക്കുന്നു. മലയാളി മാർക്സിസ്റ്റ് വായനയ്ക്ക് പരിചിതമാണ് ഇത്. നമ്മുടെ മാർക്സിസ്റ്റ് അധികാര സങ്കൽപ്പത്തിൽ വള്ളിപുള്ളി വിടാതെ അടയാളപ്പെടുത്തുന്ന ആദ്യകാല മാർക്സിസ്റ്റ്-തീവ്ര മാർക്സിസ്റ്റ്–നവീന മാർക്സിസ്റ്റ്–ഗ്രീൻ മാർക്സിസ്റ്റ് രീതി. ഒരു ടൌൺഷിപ്പ് മുഴുവനും പരിചയപ്പെടാൻ പാർക്കുകളും നിരത്തുകളും അടയാളപ്പെടുത്തുന്ന സൈൻ ബോർഡുകൾ നമ്മളെ വഴി തെറ്റിക്കില്ല, അവിടെ ഗൈഡിന്റെ ആവശ്യമില്ല. എന്നാൽ, സന്ദർശനങ്ങളുടെ ഭംഗി യാദൃശ്ചികതകളുടെയും അവിചാരിതങ്ങളായ കണ്ടുമുട്ടലുകളുടെയും ഓർമ്മയാണ്. കവിതയിലും ജീവിതത്തിലും.

**വെങ്കിടി:** കരുണാകരന്റെ നിരീക്ഷണങ്ങളെ ഞാൻ ഇങ്ങിനെയാണ് കാണുന്നത്:

ഇന്ന് ഇന്ത്യയിൽ സജീവമായി പടർന്നുകൊണ്ടിരിക്കുന്ന കർഷകസമരങ്ങളെയോ അതുയർത്തുന്ന പ്രശ്നങ്ങളുടെ സാംഗത്യത്തെയോ നിർണായകത്വത്തെയോ കുറിച്ച് ആർക്കും സംശയമുണ്ടാകാനിടയില്ല. എന്നൽ ഇന്നത്തെ ആഗോളഭൗമ/ജൈവരാഷ്ട്രീയത്തിന്റെയും അതിന്റെ ദേശീയ/പ്രാദേശിക പ്രയോഗ/അധികാരരൂപങ്ങളുടെയും പശ്ചാത്തലത്തിൽ ഇത്തരം പ്രതിരോധങ്ങളെ സമീപിക്കുമ്പോഴുള്ള ചില ഗാഢസന്ദിഗ്ദതകളെ—സാമ്പ്രദായികമായ രാഷ്ട്രീയസംവർഗ്ഗങ്ങൾക്ക് വഴങ്ങാത്ത അതിന്റെ ‘ഉള്ളുകള്ളി’കളെയും ഗതിവിഗതികളെയും കുറിച്ചുള്ള പ്രതീക്ഷകൾക്കും ഒപ്പം ആശങ്കകളും പങ്കിട്ടുകൊണ്ട്—സമകാലികമായ കലാപ്രയോഗത്തിന് എങ്ങിനെ അഭിസംബോധന ചെയ്യാനാകും, ആവിഷ്കരിക്കാനാകും? തികച്ചും പ്രവചനാതീതമായ—ഇരുണ്ടതും അപൂർവ്വമായി പ്രകാശമാനവുമായ—വിവിധങ്ങളായ ‘പലായനരേഖകളു’ടെയും പ്രതീക്ഷാരാഹിത്യത്തിന്റെയും കൂടിയാണ് ഇന്നത്തെ സാഹചര്യം. അതിനെ ഇന്നത്തെ കവിതയിൽ/കലയിൽ അതുപോലെ വിമർശനത്തിലും എങ്ങിനെ പിടിച്ചെടുക്കാനാകും/അതുമായി സംവദിക്കാനാകും എന്നൊക്കെ ആലോചിക്കേണ്ടതാണ്. ദാർഢ്യങ്ങൾക്കും ദിശാബോധ്യങ്ങൾക്കുമപ്പുറം കലയെ/കലാപ്രയോഗത്തെ തന്നെ പലതരം/തലം പ്രൊപൊസിഷനുകൾ ആയി നമുക്ക് ഭാവന ചെയ്യേണ്ടതില്ലേ? രാഷ്ട്രീയവും നൈതികനിലപാടുകളെയും പോലെ കലയുടെ മൂർത്തവും അമൂർത്തവുമായ എല്ലാ ഉപാധികളും എത്രകണ്ട് വൾണറബിൾ ആണ് (അതിലും പ്രധാനമായി ആകേണ്ടതുണ്ട്) എന്നുകൂടി ഈ സന്ദർഭം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് എന്ന തോന്നുന്നു. എല്ലാവിധ ഹേതുഭൂതങ്ങൾക്കും സ്വപ്നാത്മകമായ പ്രതീക്ഷകൾക്കും അത് ബാധകമാണെന്ന് നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്ന ഒരു കാലത്തിലാണ് നമ്മൾ ‘കല’ഹിക്കുന്നതും…

**കെ. സച്ചിദാനന്ദൻ:** ഒരു കാര്യം പറയാൻ മാത്രം. ഞാൻ പൂക്കൈതയുടെ പഠനമൊന്നും നടത്തുകയായിരുന്നില്ല. സാധാരണ കവിത വായനക്കാരുടെ ഒരു ഗ്രൂപ്പിന്, പ്രത്യേക ഒരുക്കങ്ങൾ ഒന്നുമില്ലാതെ, ആ കവിത ഒന്നു പരിചയപ്പെടുത്തുകയായിരുന്നു.

**വെങ്കിടി:** …അത് ആലോചനകൾക്കും ചർച്ചകൾക്കും വഴി തുറ(ക്കു)ന്നു എന്നതാണ് പ്രധാനം.

**ദാമോദർ പ്രസാദ്:** ആശ്വാസകരമായത് ‘മനസ്സ് തൊട്ടു’, 'മനസ്സ നിറഞ്ഞു' തുടങ്ങിയ ഇമോജി പരസ്പരാശ്ലേഷത്തിൽ ഒരു ‘ബിറ്റെ’ങ്കിലും മാറിക്കൊണ്ടുള്ള പ്രതികരണം വരുന്നുവല്ലൊ എന്നതാണ്.

വാസ്തവത്തിൽ, കെ. കെ. ശ്രീനിവാസന്റെ സച്ചിദാനന്ദന്റെ കവിതകളെക്കുറിച്ചുള്ള ഒരു കുറിപ്പ് ഇവിടെ കണ്ടിരുന്നു. അതിൽ പറയുന്ന ഒരു കാര്യമുണ്ട്. എങ്ങനെ ഇത്ര കിറുകൃത്യതയിൽ ശ്രേഷ്ഠ കവിയായ സച്ചിദാനന്ദൻ പൊളിറ്റിക്കൽ കറക്റ്റ്നസ് അളന്നു വെയ്ക്കുന്നു എന്നാണ്. ശരിയാണ്. ആ പൊളിറ്റിക്കൽ കറക്റ്റ്നസ് പ്രതല ടെൻഷനിൽ നിശ്ചിത ഘടന നിലനിർത്തുവെങ്കിലും ചിലപ്പോഴെല്ലാം പാളി പോകുന്നുവെന്നൊരു നല്ല അനുഭവവുമായിരുന്നു ഈയിടെ വന്ന അദ്ദേഹത്തിന്റെ ‘അയോധ്യ’ എന്ന കവിത. അതൊരു അരാഷ്ട്രീയ കവിതയായിരുന്നു. കോടതി വിധിക്കു ശേഷമുള്ള അയോധ്യയോടുള്ള പ്രതികരണമാകയാൽ ആകണം അത് ലഭ്യമായ മിത്തുകളെ തന്നെ ഒന്നു ചെറുതായി സ്പർശിച്ച് അവിടെ തന്നെ നിന്നത്.

പ്രതികരണാത്മക കവിത അഭിമുഖീകരിക്കുന്ന ഒരു പ്രതിസന്ധിയാണിത്. പി. എൻ. ഗോപീകൃഷ്ണന്റെ ശ്രദ്ധേയമായ ചില കവിതകളും ഈ പ്രശ്നം നേരിട്ടിരുന്നു എന്നാണ് എന്റെ പരിമിത ഭാവുകത്വ ബോധം വെച്ചുള്ള അഭിപ്രായം.

കെ. ജി. എസിന്റെ കവിതകളിൽ ആ കവിത പിന്തുടരുന്ന രാഷ്ട്രീയത്തിന്റേതായ predictability ഉണ്ടെന്നാണ് കരുണാകരൻ പറയുന്നതെന്നാണ് എനിക്ക് മനസ്സിലായത്. പക്ഷേ, കരുണാകരൻ കേരളത്തിലെ ആനുകാലിക സാഹിത്യത്തിലെ ചില രാഷ്ട്രീയ പ്രത്യയശാസ്ത്ര ചർച്ചകളിലെ ചില നിലപാടുകളെയാണ് അതിനുത്തരവാദിയാക്കുന്നത്. കെ. ജി. എസ്. അത്തരത്തിലുള്ള രാഷ്ട്രീയ വ്യവഹാരികതയിൽ വളരെ മുമ്പു തന്നെ ചാടി ഓടി രക്ഷപ്പെട്ടുവെന്നു തോന്നുന്നു. ചെറുതിനെ വിഴുങ്ങുന്ന വലുത് പോലുള്ള കുറച്ചു പഴയകാല കവിത തന്നെ ഉദാഹരണം.

പക്ഷേ, ആനുകാലികങ്ങളിലെ രാഷ്ട്രീയ സംവാദത്തിന്റെ സത്ത ഇപ്പോഴും ഏതാണ്ട് പോയകാലത്തിന്റെ പഴക്കം പേറുന്നതാണ്. ചിലപ്പോഴൊക്കെ തോന്നാറുണ്ട് അതിനൊരു കാരണം ഏതാനും പഴയ രാഷ്ട്രീയ ആധുനികർ പുതിയ സംജ്ഞകളെയും രാഷ്ട്രീയത്തെയും വിട്ടു പോകാത്ത പഴയ തീവ്രതയോടെ പ്രതിരോധിക്കുന്നതുക്കൊണ്ടാണെന്ന്.

ഉദാഹരണത്തിന് കെ. വേണു തന്നെ. പാശ്ചാത്യ സിവിൽ അവകാശ പ്രസ്ഥാനങ്ങൾ തന്നെ കൈയൊഴിഞ്ഞ ലിബറലിസം ബഷീറിന്റെ ആനമക്കാറിയൻ സംഭവം എന്ന മട്ടിൽ ഈക്കാലത്തും ഗൗരവപ്പെട്ടു ചർച്ച ചെയ്യുന്നത് കാണാറുണ്ട്. അതു മാത്രമല്ല, ഏതെങ്കിലും വിധത്തിൽ ഈ ലിബറൽ വേദാന്തത്തെ വിമർശിച്ചാൽ പഴയ മാവോയിസ്റ്റ് ശൈലിയിൽ ഒരുത്തരത്തിലുള്ള ambiguity-ക്കും ഇട നല്കാതെ അവസാനിപ്പിക്കുന്നതും കാണാം. കരുണാകരൻ അവതരിപ്പിക്കുന്ന ആശയധാരകൾക്കപ്പുറം ഒരു കവിതയോ കലാസൃഷ്ടിയോ നമുക്ക് വായിക്കാം, എഴുത്തുകാരന്റെ മനസ്സിലിരിപ്പ് എന്തുമായിക്കോട്ടേ. നമ്മൾ കുമാരനാശനെ വായിക്കുന്നതങ്ങിനെയാണ്? ടാഗോർ വായിക്കുന്നതോ?

ഞാൻ പറഞ്ഞു വരുന്നത് ഒരു സവിശേഷതരം predictability മലയാളത്തിലെ ഒരു തലമുറ എഴുത്തുകാർക്ക് മാത്രമല്ല വായനക്കാർക്കും ബാധകമാണ്. ഒരു പക്ഷേ, അവർ കൂടുതലായി കൺസ്യൂമും ചെയ്യുന്നതും ശ്രദ്ധിക്കുന്നതും അവരുടെ കൂടി കാലത്തിൽപ്പെട്ട എഴുത്തുകാരുടെ രചനകളും അവർ അനുവർത്തിച്ചിരിക്കുന്ന രാഷ്ട്രീയം ഇനതായിരിക്കുമെന്ന മുൻവിധിയോടെയുമുള്ള വായനക്കൊണ്ടായിരിക്കാം.

അതുക്കൊണ്ടാണല്ലൊ സി. എസ്. വെങ്കിടേശ്വരന് കരുണാകരന്റെ പ്രതികരണമർഹിക്കുന്ന ഒരു കാര്യമാണ് പറഞ്ഞതെന്ന് തോന്നി ഒരു സമവായ നിർദ്ദേശം മുന്നോട്ടു വെച്ചത്. മാത്രവുമല്ല, സി. എസ്. ഇതൊരു സാമാന്യവല്കൃത പ്രശ്നമായിട്ടാണ് അവതരിപ്പിക്കാൻ ശ്രമിക്കുന്നതെന്നും എനിക്ക് തോന്നുന്നു… അൻവർ അലിയുടെ ‘മെഹ്ബൂബ്’ പോലുള്ള കവിതകൾ ഒരു പക്ഷേ, തിരക്കിനിടയിൽ അദ്ദേഹത്തിന് വായിക്കാൻ സമയം ലഭിച്ചു കാണില്ല.

എന്തായാലും അതൊരു തത്സമയ പ്രതികരണാത്മക രചനയായിരുന്നില്ല എന്നത് പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്.

സി. എസ്. സൂചിപ്പിച്ച പോലെ കാലത്തിന്റേതായ എല്ലാ ഹേതുഭൂതങ്ങൾക്കും പ്രത്യാശരാഹിത്യത്തിനും സ്വപ്നാത്മക പ്രതീക്ഷകൾക്കുമൊത്ത് ചിലപ്പോഴെല്ലാം പ്രതികരണാത്മകത ആകാമെന്നും തോന്നിയിട്ടുണ്ട്. കെ. ജി. എസ്സിനെ അക്കാര്യത്തിൽ ആരും കുറ്റപ്പെടുത്തുമെന്ന് തോന്നുന്നില്ല. കാരണം പ്രതികരണം വേണ്ടിടത്ത് predictable ആകാൻ പോലും വിസ്സമതിക്കുന്ന വിധമുള്ള കാലമാണ്. ഭയം എന്നു പറയുന്നത് ശരിയല്ല. സമയക്കുറവാണ് കാരണം.

അലെങ്കിൽ തന്നെ, വാഗ്ഭടാനന്ദന്റെ ഊരാലുങ്കലിനെക്കുറിച്ചും, ഗോൾവാൾക്കാറിന്റെ പേരിലുള്ള ബയോ ടെക്നോളജി സ്ഥാപനത്തെക്കുറിച്ചും കവിത എഴുതാൻ പറ്റോ?

ഒരു കാര്യം കൂടി പറഞ്ഞോട്ടേ… ആലോചനകൾക്കും ചിന്തകൾക്കും വഴി തുറക്കുന്ന യുവതലമുറയിൽപ്പെട്ട കെ. ദാമോദരൻ ഉൾപ്പെടേയുള്ളവരുടെ രചനകൾ സായാഹ്ന പ്രസിദ്ധീകരിച്ചുക്കൊണ്ടിരിക്കുന്നു എന്നത് വളരെ സന്തോഷം നല്കുന്ന കാര്യമാണ്.

## ഡോ. സീമാ ജെറോം: ശിശുദിനങ്ങൾ

**ജെസി അലക്സാണ്ടർ:** സാമൂഹികാവസ്ഥകളോടും മാറ്റങ്ങളോടും ക്രിയാത്മകമായി പ്രതികരിക്കുന്നവയാണ് സീമ ജെറോമിന്റെ കവിതകൾ. സാമൂഹിക ജീവിതത്തിന്റെ, മനുഷ്യ ചിന്തകളുടെ വ്യത്യസ്ത അടരുകളെ കവിതകൾ അടയാളപ്പെടുത്തുന്നു. വ്യവസ്ഥിതിയോടും പരമ്പരാഗത വിശ്വാസങ്ങളോടും കവിതകൾ കലഹം പ്രഖ്യാപിക്കുന്നു. നരകയറിയ ശൈശവവും ചിറകുമുളയ്ക്കലിന്റെ പരിണാമങ്ങളും കവിതയിൽ രൂപപ്പെടുത്തുന്നത് ആഴമുള്ള ചിന്തകളാണ്. മോഹകൊട്ടാരങ്ങളിലും ചിത്തവ്യായാമങ്ങളിലും പെട്ട് ആകൃതിയിലും വികൃതിയിലും പെരുതായവരെക്കുറിച്ചുള്ള ആശങ്കകൾ 'ശിശുദിനങ്ങൾ' പങ്കുവയ്ക്കുന്നു. അറിവനുഭവങ്ങളുടെ ആഴം രൂപപ്പെടുത്താത്ത വളർച്ചകൾ ആപത്താണെന്ന സൂചന കവിതയിലുണ്ട്. ഉണർവ്വ് കാത്തുറങ്ങുന്ന ശിശുദിനങ്ങൾ പ്രകൃതിയുടെ ഉണർവുകളുമായി-മണ്ണനക്കങ്ങളും മരത്തിന്റെ വിരൽ പിണയ്ക്കലുകളുമായി സദൃശ്യപ്പെടുന്നിടത്തു കവിത പുതിയ പ്രതീക്ഷകൾ അവതരിപ്പിക്കുന്നു. സഹയാത്രികരുടെ ഭിന്നഭാവങ്ങളും രുചിഭേദങ്ങളും 'സഹയാത്രികരി'ൽ അന്വേഷിക്കുന്നു. കയറ്റിറക്കങ്ങളിലെ ഓരോ വളവിലും തിരിവിലും കണ്ടെത്തിയവരെ തിരിച്ചറിവുകളിലൂടെ മനസ്സിലാക്കി അവതരിപ്പിക്കുന്നു. ചിറകുമുളയ്ക്കലിന്റെ അവസ്ഥാന്തരങ്ങൾ പലരിലും പലതരത്തിലാണ്. ചിറകു കിട്ടിയാൽ താണ്ടാവുന്ന ദൂരങ്ങളെ കുറിച്ചുള്ള അമ്മൂമ്മ കഥകളും, കർമ്മഫലമാണ് ചിറകുമുളയ്ക്കലിന്റെ അടിസ്ഥാനമെന്ന വിശ്വാസവും, ഉൾച്ചൂടിന്റെ പൊള്ളലിൽനിന്ന് രൂപപ്പെടുത്തുന്ന ചിറകുകളും, വച്ചുകെട്ടിയ ചിറകുകളും... എന്നാൽ ഇതൊന്നും ബാധകമല്ലാത്ത ചാപിള്ളകൾ മനുഷ്യചിന്തയിലും ധാരണകളിലും ചലനമുണ്ടാക്കുന്നു. അടിസ്ഥാനധാരണകൾ, വിശ്വാസങ്ങൾ, നിലനിൽപ്പുകൾ... ഇവിടെ ചോദ്യം ചെയ്യപ്പെടുന്നു. കവിതയിലെ ഭാഷാസവിശേഷതകളും പ്രയോഗങ്ങളും ശ്രദ്ധേയമാണ്. കുരുക്കഴിയാവാക്ക്, കൊഴത്തവേദി, മെലിഞ്ഞു കുറുകിയ മനസ്സഞ്ചികൾ നരകയറിയ കുട്ടിപ്പേച്ച് തുടങ്ങിയവ പുതിയ ഭാഷാപരീക്ഷണങ്ങളാണ്. അറിവും അനുഭവവും ചിന്തയും പാകപ്പെടുത്തിയ ഈ കവിതകൾ ഭാഷയിലും അവതരണത്തിലും കൂടുതൽ കെട്ടുറപ്പുള്ളവയാണ്.

## കെ. ജി. എസ്.: തകഴിയും മാന്ത്രികക്കുതിരയും

**ടി. ആർ. വേണുഗോപാലൻ:** "തകഴിയും മാന്ത്രികക്കുതിരയും" ഇന്ന് വായിക്കുമ്പോൾ

കെ. ജി. എസ്സിന്റെ 'തകഴിയും മാന്ത്രികക്കുതിരയും' ഇന്ന്, ദേശീയ കർഷകസമരത്തിന്റെ ഉജ്ജ്വല സന്ദർഭത്തിൽ, വായിക്കുമ്പോൾ ഓർമ്മ ചരിത്രമാവുന്നു. ഇന്ത്യയുടെ ആത്മാവിനെ കാർഷിക ഗ്രാമങ്ങളിൽ കണ്ടെത്തുന്നത് ഗാന്ധിജിയാണ്. ഇന്ത്യാചരിത്രത്തിൽ ഇത്രയധികം ചൂഷണവിധേയമാക്കപ്പെട്ട മറ്റൊരു വിഭാഗമില്ല. കൊളോണിയൽ കാലഘട്ടത്തിലാണ് കർഷകരുടെ ദാരിദ്ര്യവൽക്കരണം സർവ്വകാല ഉയരങ്ങളിലെത്തുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതി തുടർച്ചയായ കാർഷിക തകർച്ചയുടേയും പ്ലേഗിന്റേയും പട്ടിണിയുടേയും കാലമായിരുന്നു. 1943-ലെ കുപ്രസിദ്ധ ബംഗാൾ ക്ഷാമത്തിൽ പൊലിഞ്ഞത് 30 ലക്ഷം ദരിദ്ര ജീവിതങ്ങൾ. ഇത് ബംഗാൾ പ്രവിശ്യയുടെ മാത്രം ദുരിതം. സ്വാതന്ത്ര്യാനന്തര ഭാരതം 'ജയ് ജവാൻ, ജയ് കിസാൻ' നയത്തിലൂടെ കാർഷിക സമ്പദ്‌വ്യവസ്ഥക്ക് പുതുജീവൻ നൽകാൻ ശ്രമിച്ചെങ്കിലും ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായില്ല. മദ്ധ്യവർത്തികൾ കർഷകരെ ചൂഷണം ചെയ്തു. വ്യാവസായിക ആവശ്യങ്ങൾക്കും മറ്റുമായി കൃഷിഭൂമി കൈമാറ്റം ചെയ്യപ്പെട്ടു. ആഗോളവൽക്കരണത്തിന്റെ ഭാഗമായി കാർഷിക മേഖല വൻകുത്തകകളുടെ നിയന്ത്രണത്തിലായി. കടക്കെണി ഭീകരമായി. കർഷക ആത്മഹത്യകൾ നിത്യസംഭവങ്ങളായി. ഇക്കാലം ഒട്ടനവധി കാർഷിക സമരങ്ങൾ കണ്ടു. പലതും രാഷ്ട്രീയ വഞ്ചനയാൽ പരാജയപ്പെട്ടു. മോദിസർക്കാർ കൊണ്ടുവന്ന കർഷകവിരുദ്ധ നിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട്, ഇപ്പോൾ ദില്ലിയിൽ മുറുകുന്നതാണ് ഇന്ത്യ കാണുന്ന ഏറ്റവും മഹത്തായ കർഷകസമരം. മൂന്ന് മാസത്തേക്കുള്ള ഭക്ഷണസാമഗ്രികളുമായി, കൊടും തണുപ്പിൽ, ഭരണകൂട സമ്മർദ്ദങ്ങളെ അതിജീവിച്ച് മുന്നേറുന്നത്.

ഈ സമരത്തോടുള്ള ഐക്യദാർഢ്യം പോലെ ഉചിതം "തകഴിയും മാന്ത്രികക്കുതിരയും" എന്ന കെ. ജി. എസ്. കവിത, ഇപ്പോൾ വന്നതും വീണ്ടും വായിക്കുന്നതും. തകഴി മലയാളിയെ സംബന്ധിച്ചിടത്തോളം ഒട്ടനവധി പ്രതിനിധാനങ്ങളിലൂടെ ഇന്നും ജീവിക്കുന്ന പ്രതിഭ. സമാനതകളില്ലാത്ത ലാവണ്യചാതുരിയോടെ കുട്ടനാടൻ കാർഷിക ജീവിതത്തേയും പുരാവൃത്തങ്ങളേയും തന്റെ കൃതികളിലൂടെ ആവിഷ്കരിച്ച പ്രതിഭ. അധികാര സ്ഥാപനങ്ങളെ 'ഏണിപ്പടികളി'ലൂടേയും കാല്പനിക പ്രണയത്തെ ദുരന്തഗാഥയായി 'ചെമ്മീനി'ലൂടേയും തീക്ഷ്ണചോദനകളെ കഥകളിലൂടേയും പകർന്ന തകഴി ജീവിച്ചത് തികഞ്ഞ കർഷകനായി. കാർഷിക ജീവിതത്തിലെ നോവും വേവും വൈവശ്യവും വയലിലെ ആവാസവ്യവസ്ഥയുടെ ദാരുണപരിണാമങ്ങളും സൂക്ഷ്മതയോടെ നിരീക്ഷിച്ച ജാഗ്രത.

പ്രതിരോധമാണ് 'തകഴിയും മാന്ത്രികക്കുതിരയും' ഉൾപ്പെടെയുള്ള പുതിയ കെ. ജി. എസ്. കവിതകളുടെ നീതിസാരം. മലയാള കവിതയിൽ ചരിത്രത്തെ ഇത്രയും ആഴത്തിൽ പ്രയോജനപ്പെടുത്തിയിട്ടുള്ള കവികൾ വിരളം. കെ. ജി. എസ്സിന്റെ കാവ്യഭാഷ തെളിമയും കണിശതയും ആഴവും മൂർച്ചയും ആഖ്യാനഭദ്രതയും തികഞ്ഞത്. പ്രതിരോധകവിതയുടെ ഭാവുകത്വത്തെ അത് നിരന്തരം നവീകരിക്കുന്നു.

"തകഴിയും മാന്തികക്കുതിരയും" എന്ന കവിത ഒരു ദുഃസ്വപ്നത്തോടെയാണ് തുടങ്ങുന്നത്:

'കൊയ്യാറായ വയൽ ആരോ കട്ട് കൊയ്യുന്നെന്ന്
ദുഃസ്വപ്നം കണ്ട് ഞെട്ടിയുണർന്നു, തകഴി.'
പാതിരാക്കുരകൾ ഉയരുന്നു.
'ടോർച്ചും വടിയും നായ്ക്കുരകളുമായി
പാടത്തേക്ക് പായുമ്പോൾ'
തകഴിക്ക് സംശയം:
വള്ളക്കാരനെ വിളിച്ചുണർത്തണോ?
കാരണം, ഇതൊരു സ്വപ്നമല്ലേ?
'വിശ്വസിക്കാമോ സ്വപ്നത്തെ?
വന്നറിയിച്ച ദുരന്തമല്ലല്ലോ; സ്വപ്നമല്ലേ?
സ്വപ്നം തന്നെ ഒരു വന്നറിയിക്കലല്ലേ?
അജ്ഞാതത്തിന്റെ സന്ദേശം?
ചരിത്രാതീത ഭാഷയിൽ മനസ്സെഴുതുന്ന
ഭാവിചരിത്രമല്ലേ സ്വപ്നം?'
അതോ അരാഷ്ട്രീയത ഉറങ്ങുമ്പോൾ
രാഷ്ട്രീയതയുടെ ഉൾവിളിയോ?
പല സ്വപ്നവും അലസിയ കഥകൾ.'

ഇത്തരത്തിൽ സ്വപ്നത്തിന്റെ ന്യായത്തിലേക്കും ഘടനാപരമായ സത്തയിലേക്കും ഉൾക്കാഴ്ചയിലേക്കും കവി നമ്മെ നയിക്കുന്നു.

ഉണർന്നിട്ടുണ്ട് തകഴി പണ്ടും ദുഃസ്വപനങ്ങൾ കണ്ട്. ഇവിടെ കവി, ഫ്രാൻസിസ് കാഫ്കയുടെ "മെറ്റമോർഫോസിസി'ലെ മുഖ്യകഥാപാത്രമായ ഗ്രിഗർ സാംസയെ അവതരിപ്പിക്കുന്നു. പിതാവിന്റെ കടബാധ്യത തീർക്കുന്നതിനായി തനിക്കൊട്ടും ഇഷ്ടമില്ലാത്ത ഒരു വില്പനക്കാരന്റെ തൊഴിൽ സ്വീകരിച്ച സാംസ ഒരു നാൾ ഉറങ്ങിയെണീക്കുമ്പോൾ ഒരു ഭീമൻകീടമായി രൂപാന്തരപ്പെട്ടിരിക്കുന്നു. പക്ഷേ, തകഴി സ്വപ്നം കണ്ടുണരുന്നതൊക്കെയും കൂടുതൽ തകഴിയായി.

ദുഃസ്വപ്നം കണ്ടുണർന്ന തകഴിക്ക് കാണാതെ വയ്യ തന്റെ കൊയ്യാറായ വയൽ. ആഴത്തിൽ മറ്റൊരു സൂക്ഷ്മശങ്ക:

'വയലെനിക്കയച്ച വിപൽദൂതല്ല
ഈ പേക്കിനാവെന്നാരു കണ്ടു?'

മറ്റുള്ളവരുടെ സ്വപ്നം താൻ വിശ്വസിച്ചിരുന്നു. മാർക്സ്, ലെനിൻ, ടോൾസ്റ്റോയ്, ഗോർക്കി, ബത്സാക്ക്, കേസരി, മോപ്പസാങ്, തകഴിയുടെ ഭാര്യ കാത്ത, കാമ്യൂ, ഫ്ലാബേർ, ബഷീർ, തുടങ്ങിയവരുടെ. വിവിധം, വിപുലം തകഴിയുടെ സ്വപ്നചരിത്രം. 'രണ്ടല്ലായിരുന്നു അവർക്കെന്നപോലെ തനിക്കും സ്വപനവും ദർശനവും.'

പാതിരയ്ക്ക് തകഴി വയലിലെത്തുന്നു. കവിത സർറിയലിസ്റ്റ് മായികതയിലും. വയലിൽ നിറഞ്ഞു നിൽക്കുന്നതൊരു അസാധ്യത! പണ്ടേ മരിച്ച തകഴിയുടെ വിതക്കാരൻ, കണ്ടൻ മൂപ്പൻ. കണ്ടൻ മൂപ്പനെ കവി വിശേഷിപ്പിക്കുന്നത് 'കൃഷിയുടെ ഋഷി' എന്നാണ്. 'ചൂണ്ടുവിരലും തള്ളവിരലും ചേർന്നൊരുക്കുന്ന വിത്തുവാതിൽ' തുറന്നുയരുന്ന വിത്തുകൾ കൃഷിപ്പാട്ടിലെ വാക്കുകൾ പോലെ കാൽ നിമിഷം വായുവിൽ തങ്ങുന്നു. വയൽക്കുളിരിൽ തനിക്കനുവദിക്കപ്പെടുന്ന കളിരിടം കാണുന്നു. ജീവിതം അവിടെ നടുന്നു. 'കണ്ടു കഴിഞ്ഞും കണ്ണിൽ തുടരുന്ന കണ്ടൻ മൂപ്പന്റെ 'കൈയുടെ മാസ്മര വിതനടനം ചടുലമായ ഭാവമുദ്രകളിലൂടെ കെ. ജി. എസ്. മനോഹരമാക്കുന്നു.

തകഴിയോട് കണ്ടൻ മൂപ്പൻ:

'പാടത്തെന്തോ പതിവുകേട്
തോന്നി വക്കീൽ സാറേ;
നോക്കുമ്പോൾ കഞ്ചിനിലാവ് കലുക്കിമേയുന്നു
കണ്ടത്തിലൊരു പരദേശി മാന്ത്രികക്കുതിര.
മുന്നാൾ പൊക്കം, തുവെള്ള, തീനാവ്...
ഒറ്റയ്ക്കൊരു സൈന്യം. അല്ല,
ആ ചതിക്കുതിരയിൽ നിന്ന്
ലോകത്തേക്കിറങ്ങി മാരകമൊരു
സൈന്യപ്പാതിര. അത്
മേഞ്ഞിടം തരിശ്.'

സർറിയലിസ്റ്റ് സാധ്യതയിൽത്തന്നെ കവിത വളരുന്നു. കെ. ജി. എസ്. സമർത്ഥമായി ഉപയോഗിക്കാറുള്ള 'അല്യൂഷൻ' ഇവിടെയും കാണാം. ഇതിഹാസപുരാവൃത്തസ്മൃതി. ഈ കവിതയിലെ മാന്ത്രികക്കുതിര ഗ്രീക്ക് മിത്തോളജിയിലെ ട്രോജൻകുതിരയുടെ പുതുജന്മം. രണ്ടിലുമുണ്ട് ഒളിഞ്ഞിരിക്കുന്ന ചതി. മാന്ത്രികക്കുതിരയുടെ വെള്ള നിറം വയൽ നിലാവിൽ കതിരബിംബത്തിന്റെ മാന്ത്രിക പരിവേഷം പൂർണ്ണമാക്കുന്നു. മുന്നാൾ പൊക്കം. തീനാവ്. സംഹാരിയുടെ ബീഭത്സ രൂപം.

നമ്മുടെ കൃഷിയെ, വ്യാപാരത്തെ എന്തിന് നയരൂപീകരണത്തെ തന്നെ നിയന്ത്രിക്കുന്നത് വേൾഡ് ട്രേഡ് ഓർഗനൈസേഷൻ പോലെയുള്ള ആഗോള ഭീമന്മാർക്കുള്ളിലെ ഹിംസാകാരം. വിത്തുകൾ പോലും ആഗോള കുത്തകകൾ കൈയ്യടക്കിത്തുടങ്ങി. സബ്സിഡി ഉൾപ്പെടെ കർഷകരുടെ ആനുകൂല്യങ്ങളെല്ലാം പിൻവലിക്കാൻ സർക്കാരുകൾ നിർബന്ധിതമായി. കരിനിയമങ്ങൾ നിർമ്മിക്കപ്പെടുന്നു. എല്ലാം അന്തർദേശീയ സമ്മർദ്ദങ്ങളിൽ. ഭീഷണമായ ഈ സന്ദർഭത്തിൽ, 'മാന്ത്രികക്കുതിര' നിസ്സംശയമായും നമ്മെ കൊള്ളയടിക്കുന്ന ആഗോള കുത്തകകളെ, സ്വദേശീയും വിദേശീയുമായ മാരകമലിനീകരണങ്ങളെ, സംസ്കാരത്തിലെ വിളനശീകരണങ്ങളെ, പ്രതിനിധാനം ചെയ്യുന്നു.

രക്ഷയ്ക്കായി കണ്ടൻ മൂപ്പൻ തന്റെ ചാത്തന്മാരെ കഴിമാടങ്ങളിൽ നിന്നു തുറന്നു വിടുന്നു: നവയുക്തികൾ കൊന്നൊടുക്കിയ സഹജശക്തികളുടെ ആവാഹനത്തിലൂടെയുള്ള പ്രതിരോധമാണ് ലക്ഷ്യം.

'മാഞ്ഞെന്ന് തോന്നിച്ച മാന്ത്രികക്കുതിര,
മാനത്തേക്കോ മനസ്സിലേക്കോ? കാറ്റിൽ
ബോംബർപ്പക്ക പോലെ വാല് നീണ്ടുലഞ്ഞു;
നഗരമായ പോലെന്റെ കണ്ണുകെട്ടി.'

മാന്ത്രികക്കുതിരയുടെ വിനാശകരമായ ഈ രൂപമാറ്റം വർത്തമാനകാലത്തിന്റെ ഹിംസാത്മകമായ അവസ്ഥാന്തരത്തെ സൂചിപ്പിക്കുന്നു. മണ്ണിന്റെയും മനസ്സിന്റെയും ഉള്ളടരുകളിലേക്കാണ് രാസപ്രയോഗം വഴി തരിശും ജൈവനാശവും പടരുന്നതെന്ന് കവിതയുടെ സൂക്ഷ്മവിനിമയം. ഈ വരികൾ ശ്രദ്ധിക്കുക:

'കാഴ്ചയിലിപ്പോൾ പാടം
പീഡിത പോലെ മയക്കത്തിൽ.
ഓക്കാനിക്കുന്നത് കണ്ണും മൂക്കും പൊള്ളിക്കും
രാസമണം.
കനകവയൽ കാർന്നൊടുക്കുമ്പോൾ
കൊള്ളക്കുതിരയൊലിപ്പിച്ച രാസ ഊറലിൽ
നെല്ലും മീനും ചീവിടും പുൽത്തളിരും ചെറുമഞ്ഞും
നീർക്കോലി, നീർത്തുമ്പിയുമവയുടെ
നേർമൊഴിയും... അടപടലേ
നീറിച്ചീയുമൊരാവാസത്തിൻ നാറ്റം.'

കൃഷിഭൂമി മനുഷ്യന്റെ മാത്രം ജീവനാലംബമല്ല. പരശ്ശതം സൂക്ഷ്മജീവികൾ സ്വതന്ത്രമായി ജീവിതോത്സവം കൊണ്ടാടുന്നൊരു ബഹുലാവാസവ്യവസ്ഥയാണത്. കാലങ്ങളോളം ഭാവി തലമുറകൾക്കവകാശപ്പെട്ട സുഫലത. കുത്തകകളുടെ അത്യാർത്തി അവിടം തരിശാക്കി. കൊള്ളലാഭത്തിനെ അടിസ്ഥാനമാക്കി ഉരുവപ്പെട്ട പുത്തൻ കാർഷികശാസ്ത്രം കടപുഴക്കിയത് നിരവധി നൂറ്റാണ്ടുകളിലെ അനുഭവജ്ഞാനത്തിലൂടെ നാം വളർത്തിയെടുത്ത പ്രകൃതിസൗഹൃദ കൃഷിരീതികളും അതിന്റെ സംസ്കാരരൂപങ്ങളുമാണ്. മാരക ചൂഷണങ്ങൾക്കെല്ലാമൊടുവിൽ ഇന്ന് വയലുകളുടെ ബാക്കിപത്രം ഇതാണ്:

'കാഴ്ചയിലിപ്പോൾ ശേഷിക്കുന്നത്
ഉൾക്കനം വാർന്ന്
വളഞ്ഞ നട്ടെല്ല് പോലെ ചില പതിർക്കുല;
ചുമ്മാ കിലുങ്ങുന്നത്.'

തിരിച്ചറിവോടെ, താക്കീതോടെ അവസാനിക്കുന്ന കവിത.

"തകഴിയും മാന്ത്രികക്കുതിരയും" ഫിക്ഷണൽ സ്വഭാവമുള്ള കവിതയാണ്. തകഴി മാത്രമല്ല, കണ്ടൻ മൂപ്പനും സ്വപ്നം കാണുന്നു, ഒരേ സ്വപ്നം. കൊയ്യാറായ വയലും ഉർവ്വരതയും കർഷകന്റെ പ്രത്യാശയും നാട്ടറിവുകളുടെ സൂക്ഷ്മകോശങ്ങളും കൊള്ളയടിക്കപ്പെടുന്നു എന്ന ആത്മരക്ഷാ സന്ദേശമാണ് ആ സ്വപ്നത്തിന്റെ സത്ത. ആത്മ/പ്രകൃതിരക്ഷയ്ക്കായുള്ള വംശസ്വപ്നം. അതിൽ വയലിന് കർഷകനോട് സൂക്ഷ്മവിനിമയം സാധ്യമാണ്.

അതിനിണങ്ങുന്ന ആഖ്യാനമാന്ത്രികതയിൽ ഈ കവിത പൊള്ളുന്ന പ്രതിരോധാനുഭവമായി ഭാവസാന്ദ്രവും ദർശനദീപ്തവുമായി വായിക്കുന്നവരിൽ സർവ്വനാശകമായ കുത്തകകൾക്കെതിരായ പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും വിത്തുകൾ വിതയ്ക്കുന്നു.

**ആദിത്യ ശിവദാസ്:** നിലവിലെ സാമൂഹിക അവസ്ഥയെ പറ്റി ചിന്തിക്കുമ്പോൾ ഈ കവിത ദീർഘവീക്ഷണമുള്ള കവിയുടെ ഉദാത്ത സൃഷ്ടിയാണ്. തകഴിയും മൂപ്പനും മാന്ത്രികകുതിരയുമെല്ലാം ഓരോരോ ബിംബങ്ങളാണ്. എഴുതിയ കാലഘട്ടത്തിൽ ഇവയെല്ലാം ആഗോളവൽക്കരണത്തെ ചോദ്യം ചെയ്യുകയും. സ്വപ്നം എന്ന ഉൾവിളിയിലൂടെ രാഷ്ട്രീയത്തെ ഉണർത്തുകയും ചെയ്യുന്നു. ഇന്ന് ഈ കാലഘട്ടത്തിലേക്ക് വരുമ്പോൾ മുതലാളിത്തവും അധികാരമേലാളന്മാരും മാന്ത്രിക കുതിരയുടെ സ്വരൂപങ്ങളായി കൂട്ടി ചേർക്കപ്പെടുന്നു. സാമൂഹിക അന്തരീക്ഷം വിലയിരുത്തിയാൽ തങ്ങളുടെ വിളകൾ കാക്കാൻ നിരവധി മൂപ്പന്മാർ കഴിമാടത്തിൽ നിന്ന് ചാത്തൻമാരെ പറഞ്ഞു വിടുന്നു.

കാലഘട്ടത്തെ കുറിച്ച് ബോധ്യപെടുത്താൻ ഇത്തരം കൃതികളുടെ പുനർവായന സാധ്യമാക്കുന്ന സായാഹ്നസ്സ് നന്ദി.

**ഗീതുമോൾ സുരൻ:** ജാതി-ജന്മിത്വത്തോടും പ്രകൃതി വിരുദ്ധ അധിനിവേശാധുനികതയോടും തള്ളേണ്ടതിനെ തള്ളിയും കൊള്ളേണ്ടതിനെ കൊണ്ടും ഫലപ്രദമായ രീതിയിൽ പ്രതിരോധിച്ചത് ഇവിടുത്തെ കീഴാളജനതയാണ്. തകഴിയുടെ കൃതികൾ മലയാളിക്ക് സമ്മാനിച്ചത് പുരോഗമന ആധുനികതയുടെ പ്രത്യയശാസ്ത്രങ്ങളാണ്. പാടത്തിറങ്ങി പണിയുന്നവനല്ല അത് കണ്ടു നിൽക്കുന്നവനാണ് അവിടെ അധ്യാതാവ്. അതിനാൽ തന്നെ തകഴി ജാതിയേയല്ല വർഗ്ഗത്തെയാണ് പാഠമാക്കിയത്.

തകഴി ഓടിയെത്തും മുൻപ് കണ്ടന്റെ ചാത്തന്മാർക്ക് കുതിരയെ ആട്ടിപ്പായിക്കാൻ കഴിയുന്നതിനും കാരണം മറ്റൊന്നല്ല. അനുഭവങ്ങൾ ഉള്ള ജനതയുടെ പ്രായോഗികജ്ഞാനത്തിന് മറ്റേത് സിദ്ധാന്തത്തേക്കാളും ഉൾബലം സ്വാഭാവികം. സമൂഹവും സംസ്കാരവും സമ്പത്തും അറിവും ചരിത്രവുമൊന്നും കെ. ജി. എസ്. കവിതകൾക്ക് അന്യമല്ല. സ്ഥല-കാല നിരപേക്ഷമായ അനുഭൂതിയല്ല, മറിച്ച് ചരിത്രത്തെ കൂട്ടുപിടിച്ച് അധിനിവേശങ്ങളെ തുരത്താൻ കെല്പുള്ള അറിവുല്പാദനവും കലാപവുമാണ് കെ. ജി. എസ്സിന് കവിത എന്ന് 'തകഴിയും മാന്ത്രികക്കുതിരയും' അടിവരയിട്ടുറപ്പിക്കുന്നു.

**അളക അക്കു:** കെ. ജി. എസ്സിന്റെ "തകഴിയും മാന്ത്രികകുതിരയും" സമകാലിക രാഷ്ട്രീയ സാഹചര്യങ്ങൾക്ക് നേരെ വിരൽ ചൂണ്ടുന്നു... കുട്ടനാടൻ കർഷകജീവിതത്തിന്റെ നേർകാഴ്ചകൾ ആയിരുന്ന തകഴിയുടെ രചനകൾ അധികാരവർഗ്ഗത്തിന്റെ ചൂഷണങ്ങൾക്കെതിരെ ശബ്ദമുയർത്താനും വർഗ്ഗബോധം കർഷകരിൽ ഉണർത്താനും അവയിലൂടെ സാധ്യമായി. ശ്രേഷ്ഠരായ കവികൾ ക്രാന്തദർശികളാണ്... "കണ്ടു കഴിഞ്ഞാലും കണ്ണിൽ തുടരും കണ്ടൻ മൂപ്പന്റെ വിതനടനം" മണ്ണിനോട് ആത്മാർത്ഥ പുലർത്തുന്ന കർഷകന്റെ ചിത്രം ഇവിടെ വരച്ചുകാട്ടുന്നു. പണ്ട് ജന്മിത്വവും മേൽക്കോയ്മയും സാധാരണ ജനവിഭാഗത്തെ ചൂഷണം ചെയ്തിരുന്നെങ്കിൽ ഇന്ന് ആഗോള മുതലാളിത്വവും കോർപറേറ്റ് വർഗ്ഗീയ അജണ്ടകളും നമ്മെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്ന ആഗോള മുതലാളിത്വത്തിന് ലാഭം നേടിക്കൊടുക്കുന്ന രാഷ്ട്രീയ നിലപാടുകളിലേക്ക് സാഹചര്യങ്ങൾ നീളുമ്പോൾ രാജ്യത്തിനു അന്നം തരുന്ന കർഷകന്റെ, സാധരണക്കാരന്റെ ജീവിതം എത്രത്തോളം സുരക്ഷിതമാണെന്ന് കാണേണ്ടിയിരിക്കുന്നു. രാസവളവും, യന്ത്രങ്ങളുടെ കടന്നുകയറ്റവും, ആഗോളീകരണവും കർഷക സമൂഹത്തിന്റെ നട്ടെല്ലൊടിക്കുന്ന ആധുനിക സാഹചര്യത്തിൽ കവി അവതരിപ്പിക്കുന്ന ദർശനം ശ്രദ്ധേയമാകുന്നു... "വളഞ്ഞ നട്ടെല്ല് പോലെ ചില പതിർക്കുല ചുമ്മാകലുങ്ങുന്നത്" പതിർ കലകൾ...!! ലാഭമില്ലാത്ത, പരിഗണനയില്ലാത്ത, പ്രതീക്ഷ വറ്റിയ കാലത്തിന്റെ നേർക്കാഴ്ചകളാണവ. നന്ദി...

**സനിയ:** തകഴിയും മാന്ത്രികക്കുതിരയും

ലക്ഷക്കണക്കിന് കർഷകർ തങ്ങളുടെ സ്വാതന്ത്ര്യത്തിനും അവകാശത്തിനും വേണ്ടി പോരാടുന്ന ഇക്കാലത്തു ഏറെ കാലികപ്രസക്തിയുള്ള കവിതയാണ് കെ. ജി. എസ്സിന്റെ തകഴിയും മാന്ത്രികക്കുതിരയും. മനുഷ്യരാശിക്ക് അന്യമായിക്കൊണ്ടിരിക്കുന്ന കാർഷികാവബോധത്തിനെ സമൂഹഗാത്രത്തിലേക്ക് തിരികെ പ്രതിഷ്ഠിക്കേണ്ടതിന്റെ, അതിന്റെ പാരിസ്ഥിതിക പ്രാധാന്യത്തെ വിളിച്ചു പറയുന്ന ഒരു സാമൂഹിക ഉണർത്തുപാട്ടായി ഈ കവിത നിലകൊള്ളുന്നുണ്ട്. ജൈവ സമ്പദ്ഘടനയുടെ ചോരയും നീരുമൂറ്റികുടിക്കുന്ന കുത്തക വാണിജ്യ ശക്തികളെയും, അരാഷ്ട്രീയവും അരാജകത്വവും നിറഞ്ഞ ഭരണകൂട വ്യവസ്ഥകളെയും കവിതയിലെ ജൈവികത ചോദ്യം ചെയ്യുന്നുണ്ട്.

കർഷകരുമായി അഭേദ്യ ബന്ധമുള്ളയാളാണ് തകഴി. ആ തകഴിയുടെ പേക്കിനാവിനെ വെറുമൊരു ദുഃസ്വപ്നം മാത്രമായി തള്ളിക്കളയാനാവില്ല. പരദേശി മാന്ത്രികക്കുതിരയും അതിന്റെ എണ്ണിയാലൊടുങ്ങാത്ത സൈന്യപ്പടയും കർഷകരെയും ജൈവവ്യവസ്ഥയെയും ആക്രമിക്കുന്ന പരാന്നജീവികളാണ്; ജൈവികതയുടെ ഘാതകർ. ഇവരിൽ നിന്ന് ജൈവികതയെ സംരക്ഷിക്കാൻ കണ്ടൻമൂപ്പന്മാർ അവരുടെ ചാത്തന്മാരുമായി പോരാട്ടത്തിനിറങ്ങേണ്ടിയിരിക്കുന്നു...

**ഐശ്വര്യ:** കൃഷി കേവലം വ്യവസായം മാത്രമാണെന്ന ചിന്തയിൽ നിന്നും, അന്നബോധം നമ്മുടെ സംസ്കാരത്തെയും ജൈവബന്ധങ്ങളെയും നമ്മളെത്തന്നെ പാകപ്പെടുത്തിയെടുക്കുന്നത് എങ്ങനെയാണെന്നുമുള്ള തിരിച്ചറിവുകളിലാണ് കെ. ജി. എസ്സിന്റെ കവിത കാലത്തോട് സംവദിക്കുന്നത്. കുട്ടനാടിന്റെ കഥ പറഞ്ഞത് നമ്മുടെയെല്ലാം കഥാകാരനായി മാറിയ തകഴിയും നാഗരികതയും, വേഗത്തിന്റെ, അശ്വമേധങ്ങളിലൂടെ കീഴടക്കപ്പെടുന്നതിന്റെ പ്രതീകമായ കുതിരയും വിരുദ്ധ ബിംബങ്ങളായി കവിതയിൽ നിറഞ്ഞു നിൽക്കുന്നു. വിളനിലത്തെ നെഞ്ചോടു ചേർക്കുന്ന ഓരോ കർഷകന്റെ ആധിയാണ്, ഒരു പാഴ്കിനാവോ ദുഃസ്വപ്നമായോ ആയി വിട്ടുകളയാതെ, ചരിത്രാതീത ഭാഷയിൽ മനസ്സെഴുതുന്ന ഭാവിചരിത്രത്തിലെ നേരറിയാൻ പോകുന്ന തകഴിയിൽ കണ്ടെത്തപ്പെടുന്നത്. തന്റെ മണ്ണിൽ വേരുറപ്പിക്കാൻ പാടുപെടുന്ന കർഷകന്റെ ആധിയാണ് മരണത്തിനിപ്പുറവും ഒരു മിത്തായി കവിതയിൽ മന്ത്രികത തീർക്കുന്ന കണ്ടൻ മൂപ്പൻ. ആധുനിക കാർഷിക രീതിയിൽ നമ്മുടെ മണ്ണിനേയും മനുഷ്യനേയും എപ്രകാരമാണ് പീഡിതമാക്കിയതെന്നും ദരിദ്രമാക്കിയതെന്നും തിരിച്ചറിയേണ്ടതുണ്ട്. നെല്ലും, മീനും, ചീവീടും, പുൽത്തളിരും, ചെറു മഞ്ഞും, നീർക്കോലിയും, നീർത്തുമ്പയുമെല്ലാം ഒരു കാലത്ത് നമ്മുടെ തകഴിയുടെയും ഭാഗമായിരുന്നു. എന്നാൽ കൃഷി ജീവിതം തന്നെ എന്ന പരസ്പര ബന്ധത്തിൽ നിന്നും കൃഷി ജീവിക്കാൻ വേണ്ടി എന്ന ഇഴപിരിയലിലേക്ക് തിരിഞ്ഞപ്പോൾ എല്ലാം നഷ്ടമായി. നിശബ്ദവസന്തത്തിന്റെ വായനാനുഭവം തന്നെ നിറം മങ്ങലുകളെയും കാസർഗോഡിന്റെ പൊള്ളുന്ന നേരുകളെയും പോലെ കെ. ജി. എസ്സിന്റെ തകഴിയും മന്ത്രിക്കുതിരയും സമീപകാലത്തിന്റെ യഥാർത്ഥ്യമാകമെന്ന തിരിച്ചറിവുണ്ടാകേണ്ടതുണ്ട്. കതിരു കാക്കുന്നവന്റെ പ്രതിസന്ധികൾ സമൂഹം അറിഞ്ഞു കൊണ്ടിരിക്കുന്ന ഈ കാലത്ത് പിന്നോട്ട് നടന്ന് നമ്മൾ തകഴിയേയും കണ്ടൻ മൂപ്പനെയും, സംസ്കാരത്തെയും, ഉൾക്കനം വാർന്ന് വളഞ്ഞ നട്ടെല്ല പോലെ ചില പതിർക്കുലകളായിപ്പോയ നമ്മളെയും തിരിച്ചുപിടിക്കേണ്ടതുണ്ട്. ഒപ്പം പ്രലോഭനങ്ങൾ തന്ന് നമ്മെ തരിശാക്കുന്ന മന്ത്രികക്കുതിരകളെ ചാത്തന്മാരുടെ ചങ്ങലയിൽ എക്കാലവും ബന്ധിക്കാനും കഴിയണം.

**ദീഷ്ന സുരേഷ്:** 'അരാഷ്ട്രീയത ഉറങ്ങുമ്പോൾ രാഷ്ട്രീയതയുടെ ഉൾവിളികളാണോ സ്വപ്നങ്ങളെന്ന് കവി ചോദിക്കുന്നുണ്ട്. മണ്ണിനൊപ്പം നിൽക്കുന്നവന്റെ പോരാട്ടങ്ങളോട് ഐക്യപ്പെടാതെ ഉറക്കം നടിക്കുമ്പോൾ, നമ്മുടെ രാഷ്ട്രീയമെന്തെന്ന് തിരിച്ചറിയാനെങ്കിലും സ്വപ്നങ്ങളെ നമുക്ക് ആവശ്യമുണ്ട്. മാർക്സിന്റെയും ലെനിന്റെയും ടോൾസ്റ്റോയിയുടെയും ബൽസാക്കിന്റെയും ബഷീറിന്റെയുമൊക്കെ സ്വപ്നങ്ങളെ കൂടി ഈ വരികളോടൊപ്പം ചേർത്ത് വായിക്കാം. ഉറക്കം നടിച്ചിരിക്കാൻ എളുപ്പമുള്ള ഈ കാലത്ത് കഞ്ചിനിലാവ് കലുക്കി മേയുന്ന മാന്ത്രികക്കുതിരയെ തുരത്താൻ പണ്ടേ മരിച്ച കണ്ടൻ മൂപ്പനും കഴിമാടങ്ങളിലെ ചാത്തൻമാരും ഉണർന്നെണീറ്റിരിക്കുമെന്ന് കൂടി കവിത പറഞ്ഞു വെക്കുന്നു.

**ശ്രീമ, കെ. വി.:** കെ. ജി. എസ്സിന്റെ "തകഴിയും മാന്ത്രികക്കുതിരയും", ഇന്നത്തെ സാമൂഹിക സാഹചര്യത്തെ തെളിച്ചു കാട്ടുന്നുണ്ട്. കാലത്തിന്റെയും സമൂഹത്തിന്റെയും വെല്ലുവിളികളെ ഒരുപോലെ നേരിടേണ്ടി വരുന്നുണ്ട് ഓരോ കർഷകനും. 'ദുരന്തമല്ലല്ലോ, സ്വപ്നമല്ലേ?' എന്ന് കരുതി നമുക്കിനിയും കണ്ണടച്ചിരുങ്ങാൻ കഴിയില്ല. നമ്മുടെ കൃഷിയിടങ്ങളിലേക്കിറങ്ങുന്ന മാന്ത്രികക്കുതിരകളെ കടിഞ്ഞാണിട്ട് പിടിച്ചു കെട്ടാൻ ഊണില്ലാതെ, ഉറക്കില്ലാതെ ഒരു പറ്റം കർഷകർ പ്രതിഷേധത്തിലാണ് ഇന്ന്. യഥാർത്ഥ കർഷകൻ ഉണർന്നു തന്നെയിരിക്കുന്നു. മണ്ണിനെ സ്നേഹിക്കുന്നവന്റെമേൽ ആധിപത്യം സ്ഥാപിക്കപ്പെടാതെ, വളർന്നു വരുന്ന കോർപ്പറേറ്റ് കമ്പനികൾക്ക് അടിമപ്പെടാതെ, കർഷകൻ നട്ടെല്ല് വളയ്ക്കാതെ നിൽക്കട്ടെ. ഈ കവിത നമ്മെ പ്രകൃതിയിലേക്കും ജൈവികതയിലേക്കും അടുപ്പിക്കുന്നു. മണ്ണും, മണ്ണിൽ വിളഞ്ഞതും ആഗോളവൽക്കരണം കയ്യാളാതിരിക്കാൻ കഴിഞ്ഞ ചരിത്രത്തെയും, നിലവിലെ സാഹചര്യങ്ങളെയും ബന്ധപ്പെട്ടുകൊണ്ട് കവിത ഒരു മാന്ത്രികക്കുതിരയെപോലെ ഭാവിയിലേക്ക് സഞ്ചരിക്കുന്നു. കവിതയിലെ മാന്ത്രികക്കുതിരയ്ക്ക് എതിരെ ശബ്ദിക്കാൻ ഈ കവിതയ്ക്ക് എന്നും കഴിയും.

**അനഘ സുധാകരൻ:** ഘടനാസവിശേഷം കൊണ്ടും വാക്കുകളുടെ സ്പഷ്ടം കൊണ്ടും മെരുങ്ങാനാവാത്ത പ്രയോഗരീതികളാലും വ്യത്യസ്തമാണ് കെ. ജി. എസ്സിന്റെ കവിത. കാവ്യ ശില്പങ്ങളുടെ കിറുകൃത്യത ഇദ്ദേഹത്തിന്റെ കവിതയുടെ മുഖമുദ്രയാണ്. ഒരു സ്വപ്നത്തിന്റെ അലയൊലിയിലാണ് കവിതയുടെ ഇതിവൃത്തം. സ്വപ്നത്തിന് കവി അസാമാന്യമായ നിർവചനം നൽകുന്നുണ്ട്. കൊയ്യാറായ പാടം ആരോ കട്ടുകൊയ്യുന്നതറിഞ്ഞു പാടത്തേയ്ക്ക് പുറപ്പെടാനൊരുങ്ങുന്ന തകഴിയുടെ സ്വപ്നത്തിൽ നിന്നാണ് കവിത തുടങ്ങുന്നത്. പോയി നോക്കണോ അതോ ഇത് വെറും സ്വപ്നമാണോ എന്നാലോചിക്കുന്ന തകഴിയുടെ മനസിലേയ്ക്ക് വന്ന ഒന്നാണ്, സ്വപ്നം തന്നെ ഒരുതരം വന്നറിയിക്കലാണല്ലോ എന്ന ആത്മഗതം. പാടത്ത് ചെന്ന് നോക്കുമ്പോൾ കാണുന്നത് കണ്ടൻ മൂപ്പനെയാണ്. പണ്ടേ മരിച്ച മൂപ്പനിലൂടെ കാർഷിക സംസ്കൃതിയുടെ നന്മയെയാണ് കാണാൻ കഴിയുന്നത്. പാടം മാന്ത്രികക്കുതിരയുടെ കാൽച്ചുവടുകളിൽ അമർന്ന് തരിശായി മാറിയിരിക്കുന്നു. ഇന്നത്തെ മനുഷ്യന്റെ ദുരാഗ്രഹം കാർഷിക മേഖലയെ മുച്ചോടും നശിപ്പിക്കുന്നതിന്റെ സൂചന ഇവിടെ കാണാം. രാസവള പ്രയോഗം വയലിനെ എങ്ങനെ നശിപ്പിക്കുന്നു എന്നത് മാന്ത്രിക കുതിരയുടെ പടയോട്ടത്തിലൂടെ കവി വിളിച്ചു പറയുന്നു. രാസവള പ്രയോഗത്തിന്റെ പരിണിത ഫലങ്ങൾ കാസർഗോഡിലും ചേർനോബിലിലുമെല്ലാം ഉദാഹരണമായി നമ്മുടെ മുന്നിലുണ്ട്. മാറി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു...

**മീര, എം. ആർ.:** കെ. ജി. എസ്സിന്റെ 'തകഴിയും മാന്ത്രികക്കുതിരയും' എന്ന കവിതയെ പ്രധാനമായും രണ്ടു വിധത്തിലാണ് ഞാൻ വായിക്കുന്നത്. മാറിയ കാർഷിക സംസ്കൃതിയാണ് അതിലൊന്ന്. മറ്റൊന്ന് ഗ്ലോബൽ വില്ലേജുകളുടെ കടന്നുവരവാണ്. ദീപാവലി ഓഫർ, ന്യൂ ഇയർ ഓഫർ തുടങ്ങി ഓഫറിന്മേൽ ഓഫറുകളുമായി വരുന്ന മേലനങ്ങുകയേ വേണ്ടാത്ത കൺസ്യൂമേഴ്സ് മാത്രമാക്കി നമ്മെ മാറ്റുന്ന കാർണിവലിസ്റ്റിക് സമൂഹത്തെ നമുക്ക് മുന്നിൽ അവതരിപ്പിക്കുകയാണ് മാന്ത്രികക്കുതിര എന്ന ബിംബം. മാർക്സ്, ലെനിൻ, ബഷീർ തുടങ്ങിയവർ നൽകുന്ന സ്വപ്ന സൂചനയും ഇതിനോടൊപ്പം ചേർത്തു വായിക്കാവുന്നതാണ്. വൻകിട കോർപ്പറേറ്റീവുകൾ മുന്നോട്ടുവെക്കുന്ന ഉപഭോഗസംസ്കാരത്തെ ആണ് 'ആ ചതിക്കുതിരയിൽ നിന്ന് ലോകത്തേക്ക് ഇറങ്ങിയ മാരകമായൊരു സൈന്യപ്പാതിര' സൂചിപ്പിക്കുന്നത്. തിരിച്ചു പോക്കിനായുള്ള ഇന്നിന്റെ നേരിയ ആവേശത്തെ കണ്ടൻമൂപ്പനിലൂടെയും മാടത്തിൽ നിന്നു വന്ന ചാത്തന്മാരിലൂടെയും പ്രകടിപ്പിക്കുന്നു. എന്നാൽ അത്തരത്തിലുള്ള ഒരു തിരിച്ചുപോക്കും ഇനി സാധ്യമല്ലാത്തവിധം കാർണിവലിസ്റ്റിക് സൊസൈറ്റി തന്റെ മായയാൽ നമ്മുടെ കണ്ണ് മൂടുന്നു. സ്വത്വം നഷ്ടപ്പെട്ട്, ഏതോ അദൃശ്യ സാന്നിധ്യങ്ങൾക്ക് വിധേയരായി കഴിയുന്ന നാമോരോരുത്തവരോടുമാണ് കവി ഉൽക്കനം വാർന്ന് വളഞ്ഞ നട്ടെല്ല് പോലെയുള്ള പതിർ കുലകളെ സാദൃശ്യപ്പെടുത്തുന്നത്.

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ:

**സായാഹ്ന പ്രവർത്തകർ:** ഇതുവരെ പ്രസിദ്ധീകരിച്ച ഫോൺ പതിപ്പുകളുടെ (322) കാറ്റലോഗ് ഇവിടെ: http://books.sayahna.org/ml/pdf/releases-nov-20.pdf

ഡൗൺലോഡ് കണ്ണികളും ലഭ്യമാണ്, ഏതിലെങ്കിലും പ്രശ്നമുണ്ടെങ്കിൽ അറിയിക്കുക.

**സായാഹ്ന പ്രവർത്തകർ:** കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ വായനക്കാർക്ക് ലഭ്യമാക്കുകയാണ്. 2575 പുറങ്ങളുള്ള ഈ ഗ്രന്ഥശേഖരത്തിനു 197 അദ്ധ്യായങ്ങളുണ്ട്. പത്തു ഭാഗങ്ങളായിട്ടാണ് വിഭജിച്ചിട്ടുള്ളത്. ഈ ശേഖരത്തിന്റെ കണ്ണി താഴെക്കൊടുക്കുന്നു: http://ax.sayahna.org/collection.html

വെബ്/ടാബ്ലറ്റ്/ഐപാഡ് എന്നിവയ്ക്കുള്ള പിഡിഎഫ്: 10

ഓരോ അദ്ധ്യായം തിരിച്ചുള്ള ഫോൺ പിഡിഎഫ്: 197

ഓരോ അദ്ധ്യായം തിരിച്ചുള്ള എച് റ്റി എം എൽ താളുകൾ: 197

ക്രിയേറ്റീവ് കോമൺസ് ഷെയർ അലൈക് അനുമതി പ്രകാരം പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥശേഖരം വിവിധ വായനോപകരണങ്ങളിൽ വായിക്കുവാൻ കഴിയുന്ന വിധത്തിലാണ് നിർമ്മിച്ചിട്ടുള്ളത്. ഗവേഷകരുടെ സൗകര്യത്തിനായി വെബ് പിഡിഎഫുകളിൽ നിന്നും പാഠം നേരിട്ടു പകർത്തുവാൻ പാകത്തിലാണ് വിന്യസിച്ചിട്ടുള്ളത്.

ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങളിൽ ഒട്ടനവധി സായാഹ്ന പ്രവർത്തകരുടെ സേവനം ലഭിച്ചിട്ടുണ്ട്. കൂടാതെ സായാഹ്ന ഗ്രൂപ്പിലെ അംഗങ്ങളും ഇതിന്റെ തെറ്റുതിരുത്തൽ ശ്രമങ്ങളിൽ പങ്കാളികളായിരുന്നു. അവരോടുള്ള നന്ദി രേഖപ്പെടുത്തട്ടെ.

ഈ പുസ്തകശേഖരത്തിന്റെ നിർമ്മിതിയെ സഹായിച്ച അധികമാരും തിരിച്ചറിയാത്ത ഒരു പ്രധാന ഘടകം സ്വതന്ത്ര സോഫ്റ്റ്‌വേറാണ്. അതില്ലായിരുന്നുവെങ്കിൽ ഇത്ര സൂക്ഷ്മതയോടെ യാന്ത്രികമായി വിവിധ രൂപങ്ങൾ ഒറ്റ യൂണിക്കോഡ് സ്രോതസ്സിൽ നിന്നും നിർമ്മിക്കാനാവില്ല തന്നെ. ഈ പിഡിഎഫുകളിലും എച് റ്റി എം എൽ താളുകളിലും ദൃശ്യമാവുന്ന പാഠത്തിന് സൗന്ദര്യവും ചാരുതയും നല്കുന്നതു് സ്വതന്ത്ര തനതുലിപി സഞ്ചയമായ രചനയാണ്. അതിന്റെ സംരക്ഷകരോടുള്ള പ്രത്യേക നന്ദിയും ഇവിടെ രേഖപ്പെടുത്തുന്നു.

പ്രഭാത് ബുക് ഹൗസ് 2009-ൽ അച്ചടിപ്പതിപ്പായി പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥശേഖരത്തിന്റെ ഡിജിറ്റൽ പതിപ്പുകൾ സ്വതന്ത്രപ്രകാശന വ്യവസ്ഥകൾക്കു വിധേയമായി പ്രസിദ്ധീകരിക്കുവാൻ അനുമതി ലഭ്യമാക്കിയതിൽ ശ്രീ രാജാജി മാത്യു, ശ്രീ സി ദിവാകരൻ, ശ്രീ കാനം രാജേന്ദ്രൻ എന്നിവരുടെ പങ്ക് നിർണ്ണായകമാണ്. പ്രഭാത് ബുക് ഹൗസും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും സമാനമായ മറ്റു സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഡിജിറ്റൽ പ്രസാധനത്തിന്റെ കാര്യത്തിൽ ഒരുത്തമ മാതൃക കാട്ടുകയാണ് ചെയ്തതു്. മലയാളഭാഷയെ ശ്രേഷ്ഠതരമാക്കുവാൻ ഇത്തരം തീരുമാനങ്ങൾ വളരെയധികം സഹായിക്കുമെന്നതിനു തർക്കമില്ല. ഈ മഹാശയരോടുള്ള സായാഹ്നയുടെ നന്ദി രേഖപ്പെടുത്തട്ടെ.

**സായാഹ്ന പ്രവർത്തകർ:** ഉള്ളൂർ എസ് പരമേശ്വരയ്യരുടെ കേരള സാഹിത്യ ചരിത്രം (അഞ്ചു ഭാഗങ്ങൾ, 64 അദ്ധ്യായങ്ങൾ, 2620 പുറങ്ങൾ) വായനക്കാർക്കു ലഭ്യമാക്കുകയാണ്. മൂന്നു ഭാഗങ്ങൾ മുമ്പ് പ്രസിദ്ധീകരിച്ചിരുന്നു.

വെബ്/ഐപ്പാഡ്/ടാബ്ലറ്റ് എന്നിവയ്ക്കുള്ള പിഡിഎഫ്: 5

അദ്ധ്യായം തിരിച്ചുള്ള ഫോൺ പതിപ്പുകൾ: 64

അദ്ധ്യായം തിരിച്ചുള്ള എച് റ്റി എം എൽ: 64

ഈ ലിങ്ക് സന്ദർശിക്കുക: http://ax.sayahna.org/collection.html

പ്രതികരണങ്ങൾ അറിയിക്കുക.

(നവംബർ 29 മുതൽ ഡിസംബർ 5 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014